**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4485** **18-03-2025 - ൽ മറുപടിയ്ക്ക്**

**ഗുരുവായൂർ ദേവസ്വം ബോർഡിൽ അഡ്മിനിസ്ട്രേറ്റർ തസ്തികയിലെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | ഗുരുവായൂർ ദേവസ്വം ബോർഡിൽ അഡ്മിനിസ്ട്രേറ്റർ തസ്തികയിൽ നിയമനം നടത്തുന്നതിന്റെ നടപടിക്രമങ്ങളും പ്രസ്തുത തസ്തികയിലെ നിയമനത്തിനുള്ള യോഗ്യതയും എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | ഗുരുവായൂർ ദേവസ്വം ആക്ടിന്റെ ചാപ്റ്റർ III, സെക്ഷൻ 14 പ്രകാരം അഡ്മിനിസ്ട്രേറ്ററുടെ നിയമനം സംബന്ധിച്ച് ചുവടെ ചേർക്കും പ്രകാരമാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്.<br><br>" 14. Appointment of Administrator .- (1) The Committee shall appoint an officer of Government not below the rank of Deputy Collector to be the Administrator for the Devaswom, from among a panel of names furnished by the Government.<br><br>(2) No person shall be appointed under sub-section (1) unless he professes the Hindu Religion and believes in temple worship.<br><br>(3) The Administrator appointed under the Guruvayoor Devaswom Act, 1971 (6 of 1971), and holding office at the commencement of this Act, Shall, until the appointment of an Administrator under sub section (1) or until the expiry of a period of three months from such commencement, whichever is earlier, be deemed to be the Administrator appointed under sub section (1) " |

| | | | |
|---|---|---|---|
| (ബി) | ഒരു പൂർണ്ണ വർഷത്തെ സർവീസ് അവശേഷിക്കാത്ത ഉദ്യോഗസ്ഥർക്ക് ഈ തസ്തികയിൽ നിയമനം നൽകാറുണ്ടോ; ഇല്ലെങ്കിൽ ഏത് സാഹചര്യത്തിലാണ് നിലവിലെ അഡ്മിനിസ്ട്രേറ്റർക്ക് വിരമിക്കുന്നത് വരെയുള്ള ആറുമാസത്തേക്ക് കാലാവധി ദീർഘിപ്പിച്ച് നൽകിയതെന്ന് അറിയിക്കാമോ; പ്രസ്തുത ഉദ്യോഗസ്ഥൻ മാതൃവകുപ്പിൽ ഏത് തസ്തികയിലാണ് ജോലി ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | ഡെപ്യൂട്ടേഷൻ വിളിക്കുന്ന വേളയിൽ ഒരു വർഷം തികച്ച് സർവ്വീസ് ബാക്കിയില്ലാത്ത ഉദ്യോഗസ്ഥരെ ആദ്യ നിയമനത്തിന് പരിഗണിക്കാറില്ല. 07.10.2021 മുതൽ ഗുരുവായൂർ ദേവസ്വത്തിൽ അഡ്മിനിസ്ട്രേറ്റർ ആയി പ്രവർത്തിച്ചു വരുന്ന അഡ്മിനിസ്ട്രേറ്ററുടെ പ്രവർത്തന മികവ് കണക്കിലെടുത്ത് നിലവിലുള്ള അഡ്മിനിസ്ട്രേറ്ററുടെ സേവനം ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിക്കേണ്ടത് ദേവസ്വത്തിന്റെ ഉത്തമ താല്പര്യങ്ങൾക്ക് അത്യന്താപേക്ഷിതമാണെന്ന് ദേവസ്വം ഭരണസമിതി വിലയിരുത്തിയിട്ടുണ്ട് എന്നും ആയതിനാൽ സേവനം ദീർഘിപ്പിച്ചു നൽകണമെന്നും ചെയർമാൻ അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ ആയതു പ്രകാരം അദ്ദേഹത്തിന്റെ Superannuation തീയതിയായ 31.05.2025 വരെ കാലാവധി ദീർഘിപ്പിച്ച് നല്കിയിരുന്നു.<br>പ്രസ്തുത ഉദ്യോഗസ്ഥൻ മാതൃ വകുപ്പിൽ ജോയിന്റ് ഡയറക്ടർ തസ്തികയിലാണ് ജോലി ചെയ്യുന്നത്. |
| (സി) | പ്രസ്തുത ഉദ്യോഗസ്ഥന് അഡ്മിനിസ്ട്രേറ്റർ പദവിയിൽ തുടരുന്നതിന് ചട്ടങ്ങൾ മറികടന്ന് പുനർനിയമനം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | ഗുരുവായൂർ ദേവസ്വത്തിൽ അഡ്മിനിസ്ട്രേറ്ററായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ 07.10.2021 മുതൽ ജോലി ചെയ്തു വരുന്ന ഉദ്യോഗസ്ഥൻ 31/05/2025 ൽ സേവനത്തിൽ നിന്ന് വിരമിക്കുന്ന സാഹചര്യത്തിൽ ടിയാന്റെ സേവനം ഗുരുവായൂർ ദേവസ്വത്തിൽ തുടർന്നും ഉണ്ടായിരിക്കുന്നത് അഭികാമ്യമാണെന്ന് 19.12.2024 ലെ 69 ആം തീരുമാന പ്രകാരം വിലയിരുത്തിയ ഭരണസമിതി സേവന കാലാവധി ഗുരുവായൂർ ദേവസ്വം ആക്ട് അനുസരിച്ച് ഡെപ്യൂട്ടി കളക്ടർ പദവി നിലനിർത്തിക്കൊണ്ട് ടിയാൻ വിരമിക്കുന്ന തൊട്ടടുത്ത ദിവസം മുതൽ ഒരു വർഷത്തേക്ക് KSR Part III Rule 100 പ്രകാരം ദീർഘിപ്പിക്കുന്നതിന് തുടർനടപടി സ്വീകരിക്കുന്നതിനായി ഗുരുവായൂർ ദേവസ്വം ചെയർമാൻ അപേക്ഷിച്ചിരുന്നു. ആയത് നിലവിൽ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ